**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4639** **10-08-2021 - ൽ മറുപടിയ്ക്ക്**

**അപകടകരമായി വാഹനമോടിക്കുന്ന കണ്ടെയ്നർ ലോറി ഡ്രൈവർമാർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഭാരം കയറ്റിയ ബഹുചക്രവാഹനങ്ങളും കണ്ടെയ്നർ/ ടാങ്കർ ലോറികളും നാലുവരിപ്പാതയിലൂടെ വലതുവശം ചേർന്ന് മറ്റു വാഹനങ്ങൾക്ക് തടസ്സം സൃഷ്ടിച്ച് സഞ്ചരിക്കുന്നതുമൂലം അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണ്ടെത്തിയാൽ ഉടൻതന്നെ ഇത്തരം നിയമ ലംഘനങ്ങൾക്ക് പിഴ ഈടാക്കുകയും, അപകടമുണ്ടാക്കുന്ന പക്ഷം ലൈസൻസ് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ മോട്ടോർ വാഹന നിയമങ്ങൾ ലംഘിച്ചും മറ്റു വാഹനങ്ങൾക്ക് മാർഗ്ഗതടസ്സം സൃഷ്ടിച്ചും അപകടമുണ്ടാക്കുന്ന വിധവും സർവ്വീസ് നടത്തുന്ന ഇത്തരം വാഹനങ്ങളുടെ ഡ്രൈവർമാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാറുള്ളത്; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണ്ടെത്തിയാൽ ഉടൻതന്നെ ഇത്തരം നിയമ ലംഘനങ്ങൾക്ക് പിഴ ഈടാക്കുകയും, അപകടമുണ്ടാക്കുന്ന പക്ഷം ലൈസൻസ് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | കഴിഞ്ഞ മൂന്ന് മാസത്തിനിടയിൽ ഇത്തരത്തിലുള്ള എത്ര വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (സി) | ലെയ്ൻ ട്രാഫിക് ലംഘനത്തിന് 427 കേസുകൾ എടുക്കുകയും, 81,600/- രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഇതോടനുബന്ധിച്ച് കോടതിയിൽ കേസ് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | മറ്റു വാഹനങ്ങൾക്ക് മാർഗ്ഗതടസ്സം സൃഷ്ടിച്ചും അപകടകരമായും വാഹനമോടിക്കുന്ന ഇത്തരം ലോറി ഡ്രൈവർമാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ? | (ഡി) | കർശന നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ